നമ്പർ ടി.ബി.(1) 742/04 Vol. V

പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയം,
കോട്ടയം, തീയതി : 22/05/2018

പ്രേഷിത

പ്രിൻസിപ്പൽ കൃഷി ഓഫീസർ,
കോട്ടയം.

സ്വീകർത്താവ്

എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
എല്ലാ കൃഷി ഓഫീസർമാർക്കും.

സർ,

വിഷയം :- ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി - പദ്ധതി അംഗങ്ങൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള പ്രെപ്പോസലുകൾ അയക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ -സംബന്ധിച്ച്.

സൂചന :-

പ്രത്യേക തൊഴിൽ ദാന പദ്ധതി അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഈ ഓഫീസിലേക്ക് സമർപ്പിക്കുന്ന പ്രെപ്പോസലുകളിൽ പല തരത്തിലുള്ള ന്യൂനതകളും ഉള്ളതിനാൽ അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കാൻ കാലതാമസം വരുന്നു. ആയതിനാൽ ആനുകൂല്യങ്ങൾക്കായുള്ള പ്രപ്പോസലുകൾ അയക്കുമ്പോൾ താഴെ പറയുന്ന രേഖകൾ സഹിതം അയച്ചു നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

## a) മരണാനന്തര ആനുകൂല്യം (ആനുകൂല്യ തുക 25,000/- രൂപ)

1. അംഗം പദ്ധതിയിൽ അംഗമായി ചേർന്ന അപേക്ഷ (അപേക്ഷ പൂർണ്ണമായി പൂരിപ്പിക്കേണ്ടതാണ്. കൃഷി ഓഫീസറുടെ ഒപ്പും സീലും ഇല്ലായെങ്കിൽ വച്ച് ശേഷമേ സമർപ്പിക്കാവൂ.)
2. നോമിനേഷൻ ഫോറം ( കൃഷി ഓഫീസറുടെ മേലൊപ്പ് സഹിതം)
3. പദ്ധതി വിഹിതം/രജിസ്ട്രേഷൻ ഫീസ് അടച്ച ചെലാൻ
4. അംഗത്വകാർഡ് (പദ്ധതിയിൽ ചേർന്നതു മുതൽ മരിക്കുന്നതുവരെയുള്ള വർഷം പ്രത്യേകം രേഖപ്പെടുത്തി പ്രവർത്തന വിലയിരുത്തലുകൾ രേഖപ്പെടുത്തി കൃഷി ഓഫീസർ ഒപ്പും സീലും വച്ച ശേഷമേ സമർപ്പിക്കാവൂ.)
5. പദ്ധതി പ്രകാരമുള്ള പഞ്ചായത്ത് തല കമ്മറ്റിയുടെ തീരുമാനം
6. കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് (പദ്ധതി അംഗം മരണം വരെ തിരഞ്ഞെടുത്ത കാർഷിക മേഖലയിൽ തുടർന്നിരുന്നെന്നും ടിയാൻ ഇത്ര വർഷം കാർഷിക മേഖലയിൽ പൂർത്തീകരിച്ചെന്നുമുള്ള സർട്ടിഫിക്കറ്റ്) (ഒരു മാതൃക ഇതോടൊപ്പം നൽകിയിരിക്കുന്നു.)
7. നോമിനിയുടെ അപേക്ഷ - അപേക്ഷയിന്മേൽ അസ്സൽ ഒപ്പ് രേഖപ്പെടുത്തിയിരിക്കണം.
8. മരണ സർട്ടിഫിക്കറ്റ്
9. ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ മുൻപേജിന്റെ പകർപ്പ്
10. സ്റ്റേറ്റ്മെന്റ് ഓഫ് ക്ലെയിം - മരിച്ച ആളുടെ പേര്, മരണമടഞ്ഞ തീയതി, നോമിനിയുടെ പേര്, ആനുകൂല്യ തുക, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ് ഉൾപ്പെടെയുള്ള വിവരങ്ങൾ സഹിതം. കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ ക്ലെയിമിൽ സർട്ടിഫൈ ചെയ്യേണ്ടതാണ്.
11. അപേക്ഷകന്റെ One and Same Certificate (ആവശ്യമെങ്കിൽ)

(നോമിനേഷൻ ഫോറത്തിലെ നോമിനിയുടെ പേരും, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിലെ

## b) പെൻഷൻ, ഗ്രാറ്റുവിറ്റി

1. പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള പദ്ധതി അംഗത്തിന്റെ അപേക്ഷ. (ഒപ്പ്, തീയതി എന്നിവ ഉണ്ടായിരിക്കേണ്ടതാണ്)
2. പദ്ധതി പ്രകാരമുള്ള പഞ്ചായത്ത് തല കമ്മറ്റി തീരുമാനം
3. കൃഷി ഓഫീസറുടെ ശുപാർശ (മാതൃക ഇതോടൊപ്പം ചേർത്തിരിക്കുന്നു.)
4. സ്റ്റേറ്റ്മെന്റ് ഓഫ് ക്ലെയിം - കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ സർട്ടിഫൈ ചെയ്ത നിശ്ചിത മാതൃകയിലുള്ള ക്ലെയിം ആണ് സമർപ്പിക്കണ്ടേത്. (മാതൃക ഇതോടൊപ്പം ചേർത്തിരിക്കുന്നു.)
5. ബാങ്ക് പാസ്ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ്
6. പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേരിൽ വ്യത്യാസം പാടില്ല.)
7. പദ്ധതിയിൽ അംഗമായി ചേർന്ന അപേക്ഷയുടെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചതിനു ശേഷമേ പകർപ്പ് എടുക്കാവൂ.)
8. പദ്ധതി വിഹിതം /രജിസ്ട്രേഷൻ ഫീസ് അടച്ച ചെലാൻ പകർപ്പ്.
9. അംഗത്വകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (അംഗത്വകാർഡിൽ ഇതുവരെയുള്ള വർഷങ്ങളിലെ പ്രവർത്തന വിലയിരുത്തലുകൾ രേഖപ്പെടുത്തി കൃഷി ഓഫീസർ ഒപ്പും സീലും വച്ചതിനു ശേഷമാണ് പകർപ്പ് എടുക്കേണ്ടത്)
10. 1 - 8 വരെയുള്ള രേഖകളുടെ ഓരോ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്.)

## c) അവശതാ ആനുകൂല്യം (ആനുകൂല്യ തുക 25,000/- രൂപ)

പദ്ധതിയിൽ അംഗമായിരിക്കെ ശാരീരികവും മാനസികവുമായി പൂർണ്ണ അവശത അനുഭവിച്ചവർക്ക് 25,000/- രൂപ ഒറ്റത്തവണ ആനുകൂല്യം നൽകി തീർപ്പു കൽപ്പിക്കുന്നതിന് കൃഷി ഡയറക്ടറെ അധികാരപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. സ. ഉ. (എം. എസ്) 87/2014/കൃഷി തീയതി 16/04/2014, കൃഷി (ആസൂത്രണം - ബി) വകുപ്പ്.

1. അവശതാ ആനുകൂല്യം ലഭിക്കേണ്ട അംഗത്തിന്റെ അപേക്ഷ.(ഒപ്പ്, തീയതി സഹിതം)
2. പദ്ധതിയിൽ അംഗമായി ചേർന്ന അപേക്ഷയുടെ പകർപ്പ് (അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചതിനു ശേഷമേ പകർപ്പ് എടുക്കാവൂ.)
3. പദ്ധതി വിഹിതം /രജിസ്ട്രേഷൻ ഫീസ് അടച്ച ചെലാന്റെ പകർപ്പ്
4. ശാരീരികമോ മാനസികമോ അവശത സംഭവിച്ചതായുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്.
5. പദ്ധതി പ്രകാരമുള്ള പഞ്ചായത്ത് തല കമ്മറ്റി തീരുമാനം
6. കൃഷി ഓഫീസറുടെ ശുപാർശ - ശുപാർശയിൽ അവശത സംഭവിച്ച അംഗത്തിന്റെ പേരും മേൽവിലാസവും, പദ്ധതിയിൽ ചേർന്ന വിവരങ്ങൾ, ഏതു തൊഴിൽ ചെയ്തു വന്നിരുന്നു, പൂർണ്ണ അവശത സംഭവിച്ച തീയതി, രജിസ്ട്രേഷൻ ഫീസ് പൂർണ്ണമായി അടച്ച തീയതി മുതൽ പൂർണ്ണ അവശത സംഭവിച്ചതു വരെ പൂർത്തിയായ വർഷങ്ങൾ, ആനുകൂല്യ തുക എന്നിവ ഉൾക്കൊള്ളിച്ചിരിക്കണം. അവശത സംഭവിക്കുന്നതുവരെ തെരഞ്ഞെടുത്ത തൊഴിലിൽ വ്യാപൃതനായിരുന്നു എന്ന കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് നൽകണം.

## d) അംഗത്വ മാറ്റം

1. അംഗത്വം മാറ്റി നൽകണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള പദ്ധതി അംഗത്തിന്റെ അപേക്ഷ.(ഒപ്പ്, തീയതി സഹിതം).

   **അപേക്ഷയോടൊപ്പം പുതിയ കൃഷി ഭവൻ പരിധിയിൽ പദ്ധതി പ്രകാരം ആവശ്യമായ കൃഷി സ്ഥലം കൈവശത്തിലുണ്ടെന്നുള്ള രേഖയും, പദ്ധതി പ്രവർത്തനത്തിൽ (ഏതെന്ന് വ്യക്തമാക്കണം) ഏർപ്പെട്ടിരിക്കുന്നതിന്റെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ കൂടി ഹാജരാക്കേണ്ടതാണ്.**
2. പദ്ധതിയിൽ അംഗമായി ചേർന്ന അപേക്ഷ.(അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കേണ്ടതാണ്)
3. നോമിനേഷൻ ഫോറം (കൃഷി ഓഫീസറുടെ മേലൊപ്പ് സഹിതം)
4. പദ്ധതി വിഹിതം/ രജിസ്ട്രേഷൻ ഫീസ് അടച്ച് ചെലാനുകൾ
5. അംഗത്വകാർഡ് (മാറ്റത്തിന് അപേക്ഷിക്കുന്നതു വരെയുള്ള വർഷങ്ങളിലെ വിലയിരുത്തലുകൾ പ്രത്യേകം രേഖപ്പെടുത്തി കൃഷി ഓഫീസർ ഒപ്പും സീലും വച്ചതിനു ശേഷമേ സമർപ്പിക്കാവൂ.)
6. പദ്ധതി പ്രകാരമുള്ള പഞ്ചായത്ത് തല കമ്മറ്റി തീരുമാനം
7. കൃഷി ഓഫീസറുടെ ശുപാർശ (മാതൃക ഇതോടൊപ്പം ചേർത്തിരിക്കുന്നു.)
8. 1 - 7 വരെയുള്ള രേഖകളുടെ ഓരോ പകർപ്പ് (സാക്ഷ്യപ്പെടുത്തൽ ആവശ്യമായവ സാക്ഷ്യപ്പെടുത്തേണ്ടതാണ്.)

## e) സ്വമേധയാ പിരിയൽ (ആനുകൂല്യ തുക 7,500/-)

1. സ്വമേധയാ പിരിഞ്ഞു പോകുന്നതിനുള്ള പദ്ധതി അംഗത്തിന്റെ അപേക്ഷ (ഒപ്പ്, തീയതി സഹിതം)
2. പദ്ധതിയിൽ നിന്നും പിരിഞ്ഞു പോകുന്നവരുടെ സമ്മത പത്രം ( നിശ്ചിത മാതൃകയിലുള്ളത്)
3. പദ്ധതി പ്രകാരമുള്ള പഞ്ചായത്ത് തല തീരുമാനം
4. കൃഷി ഓഫീസറുടെ ശുപാർശ (മാതൃക ഇതോടൊപ്പം ചേർത്തിരിക്കുന്നു.)
5. ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ്
6. പദ്ധതിയിൽ അംഗമായ അപേക്ഷയുടെ പകർപ്പ്. (അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചതിനു ശേഷമേ പകർപ്പ് എടുക്കാവൂ.)
7. കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലോടെയുള്ള 'സ്റ്റേറ്റ്മെന്റ് ഓഫ് ക്ലെയിം'
8. ബാങ്ക് അക്കൗണ്ട് നമ്പർ - പകർപ്പ്.

**ഇവയ്ക്കു പുറമേ ഏതെങ്കിലും രേഖകൾ പ്രത്യേകമായി ആവശ്യമെങ്കിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരം ആയത് കൂടി നൽകേണ്ടതാണ്.**

**അയച്ചു തരുന്ന എല്ലാ രേഖകളിലും ബന്ധപ്പെട്ട ഓഫീസർമാരുടെ ഒപ്പും സീലും ഉണ്ടായിരിക്കേണ്ടതാണ്. ആമുഖ കത്തു സഹിതമേ മേൽ അപേക്ഷകൾ അയ്ക്കാവൂ. (ഒപ്പ്, തീയതി, സീൽ സഹിതം)**

**കൃഷി ഓഫീസർമാർ സമർപ്പിക്കുന്ന രേഖകൾ ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ പരി**

സിൽ സമർപ്പിക്കുമ്പോൾ കാലതാമസം വരാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മുന്നോട്ടുള്ള വർഷങ്ങളിൽ പെൻഷനുള്ള അപേക്ഷകൾ വർദ്ധിച്ചു വരാനുള്ള സാദ്ധ്യത കണക്കിലെടുത്ത് ഫയലുകളും രജിസ്റ്ററുകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

**N.B** – 1. ആനുകൂല്യങ്ങൾ നൽകുന്നത് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

2. പെൻഷൻ അനുവദിച്ചവരുടെ ലൈഫ് സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഏപ്രിൽ മാസം വാങ്ങി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതും രജിസ്റ്ററിൽ അംഗത്തിന്റെ ഒപ്പും മറ്റു വിവരങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്.

3. ഓരോ അംഗത്തിന്റെയും അപേക്ഷയും അനുബന്ധരേഖകളും ഫോട്ടോയും കൃത്യമായി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

4. എല്ലാ വർഷവും അപേക്ഷകൻ പദ്ധതിപ്രകാരമുള്ള തൊഴിലിൽ തുടരുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും അംഗത്വകാർഡിൽ രേഖപ്പെടുത്തേണ്ടതുമാകുന്നു. 18-19 ൽ വരെയുള്ള രേഖപ്പെടുത്തലുകൾ 2018 ജൂലൈ മാസം 30 ന് മുൻപായി ചെയ്തു തീർക്കേണ്ടതാണ്.

5. 10 വർഷത്തിലൊരിക്കൽ കർഷകന്റെ പുതിയ ഫോട്ടോയും ഒപ്പും അംഗത്വകാർഡിൽ രേഖപ്പെടുത്തേണ്ടതാണ്.

6. മരണാനന്തര ആനുകൂല്യം ലഭിക്കുന്നതിന് നോമിനി ആരാണോ അയാൾക്കാണ് അർഹത. നോമിനേഷൻ മാറ്റി നൽകുന്നതിന് താല്പര്യമുള്ളവർക്ക് അതിന് അവസരം നൽകണം. (ഉദാ:- അവിവാഹിതനായിരുന്നപ്പോൾ പദ്ധതിയാൽ ചേർന്ന കർഷകന്റെ നോമിനി പിതാവ് / മാതാവ് / സഹോദരൻ ആയിരിക്കും.വിവാഹ ശേഷം ഭാര്യയെ/മക്കളെ നോമിനിയാക്കാവുന്നതാണ്.)

ഇതിന് പുതിയ നോമിനേഷൻ വാങ്ങി കൃഷി ഓഫീസർ ഒപ്പ് /സീൽ/ തീയതി വച്ച് ഫയലിൽ സൂക്ഷിക്കണം. നോമിനേഷനിൽ കർഷകനുമായുള്ള ബന്ധം ചേർത്തിരിക്കണം. കർഷകൻ തന്നെയാണ് ഒപ്പിട്ടിരിക്കുന്നതെന്ന് കൃഷി ഓഫീസർ ഉറപ്പാക്കി സാക്ഷ്യപ്പെടുത്തണം.

7.. നിലവിലെ ആഫീസർ സ്ഥലം മാറി പോകുമ്പോൾ പുതിയതായി വരുന്ന ആഫീസർക്ക് യൂത്ത് പ്രോഗ്രാം പദ്ധതി പ്രകാരമുള്ള അപേക്ഷകളും അനുബന്ധരേഖകളും രജിസ്റ്ററുകളും ഏല്പിച്ചു കൊടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സ്ഥലം മാറിപ്പോകുന്ന ഓഫീസർ ഉത്തരവാദിയായിരിക്കുന്നതുമാണ്.

8. അംഗത്വം പുതിയ പഞ്ചായത്തിലേക്ക് മാറ്റി വാങ്ങുന്നവർ പുതിയ കൃഷി ഭവനിലും കാർഷിക മേഖലയിൽ തുടരുന്നു എന്നത കൃഷി ഓഫീസർ ഉറപ്പാക്കേണ്ടതാണ്.

## <u>കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്</u>

ശ്രീ./ശ്രീമതി.......................................................................... എന്ന ആൾ .................................... കൃഷി ഭവനിൽ ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ .............. തീയതി മുതൽ (മുഴുവൻ അംഗത്വ ഫീസും അടച്ച തീയതി മുതൽ) അംഗമായിട്ടുള്ള ആളും ................................ മേഖലയിൽ ............. തീയതി വരെ /മരണം വരെ [illegible] തുടർന്നു വരുന്ന ആളാണ്.

മുള്ള നോമിനി ..............................., .........................,..............................

ആണെന്ന് ബോദ്ധ്യപ്പെടുത്തുന്നു. ആയതിനാൽ നോമിനിയായ ..............................

എന്ന ആൾക്ക് മരണാന്തര ആനുകൂല്യമായ .................. രൂപ ലഭിക്കുന്നതിന് അർഹൻ/അർഹ ആണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു. .................. തീയതിയിലെ പഞ്ചായത്തു തല കമ്മറ്റിയിൽ ഇത് അംഗീകരിച്ചിട്ടുള്ളതാകുന്നു. .................. രൂപ നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

2. ടി ആൾക്ക് .............. തീയതിയിൽ 60 വയസ്സ് പൂർത്തീയായിരിക്കുന്നുതിനാലും പദ്ധതിയിൽ ചേർന്ന .............. തീയതി മുതൽ 60 വയസ്സാകുന്നതു വരെ / തുടർന്നും ............................................ മേഖലയിൽ ജോലിയിൽ തുടർന്നു വരുന്ന ആൾ ആയതിനാലും പദ്ധതി പ്രകാരമുള്ള പ്രതിമാസ പെൻഷൻ 1000/- രൂപ വീതവും ഗ്രാറ്റുവിറ്റി ...................... രൂപയും ലഭിക്കുന്നതിന് അർഹൻ/അർഹ ആണ് എന്നു സാക്ഷ്യപ്പെടുത്തുന്നു. .................. തീയതിയിലെ പദ്ധതി പ്രകാരമുള്ള പഞ്ചായത്തു തല കമ്മിറ്റിയിൽ ഇത് അംഗീകരിച്ചിട്ടുള്ളതുമാണ്. ......................... ന് .................... തീയതി /മാസം മുതൽ പ്രതിമാസം 1000/- രൂപ പെൻഷനും ................ രൂപ ഗ്രാറ്റുവിറ്റിയും നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

3. ടി ആൾക്ക് പദ്ധതിയിൽ തുടർന്നു വരവേ ..................................................... കാരണത്താൽ ശാരീരിക അവശത ഉണ്ടായിട്ടുള്ളതും ആയത് ................................ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ആകുന്നു. പദ്ധതി പ്രകാരമുള്ള ആനുകൂല്യ തുകയായ 25000/- രൂപ അവശതാ ആനുകൂല്യമായി ലഭിക്കുന്നതിന് അർഹനാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ..................... തീയതിയിലെ പദ്ധതി പ്രകാരമുള്ള പഞ്ചായത്തു തല കമ്മറ്റിയിൽ ഇത് അംഗീകരിച്ചിട്ടുള്ളതുമാണ്. അവശതാ ആനുകൂല്യമായി 25000/- രൂപ നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

4. ടി ആൾ ...................................... പഞ്ചായത്തിൽ നിന്നും ........................ പഞ്ചായത്തിലേക്ക് താമസം മാറിയിട്ടുള്ളതിനാൽ അംഗത്വം ................................. പഞ്ചായത്തിലേക്ക് മാറ്റണമെന്ന് ടിയാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുള്ളതിനാലും അംഗത്വം .............................. പഞ്ചായത്തിലേക്ക് മാറ്റാവുന്നതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ..................... തീയതിയിലെ പദ്ധതി പ്രകാരമുള്ള പഞ്ചായത്തു തല കമ്മറ്റിയിൽ ഇത് അംഗീകരിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ടിയാന്റെ അംഗത്വം ......................... പഞ്ചായത്തിലെ കൃഷിഭവനിലേക്ക് മാറ്റുന്നതിന് ശുപാർശ ചെയ്യുന്നു..

5. ടിയാൾക്ക് ................................................... എന്ന കാരണത്താൽ സ്വയം പദ്ധതിയിൽ നിന്ന് പിരിഞ്ഞു പോകാൻ ആഗ്രഹിക്കുകയും ആയതിന് പദ്ധതി പ്രകാരമുള്ള സമ്മത പത്രം നൽകുകയും ചെയ്തിരിക്കുന്നു. ..................... തീയതിയിലെ പദ്ധതി പ്രകാരമുള്ള പഞ്ചായത്തു തല കമ്മറ്റിയിൽ സ്വയം പിരിഞ്ഞു പോകുന്നതിനുള്ള അപേക്ഷ

പിരിഞ്ഞു പോകുന്നവർക്കുള്ള ആനുകൂല്യമായ 7500/- രൂപ നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

(ഓരോ അപേക്ഷയിലും യോജ്യമായ സർട്ടിഫിക്കറ്റ് നല്കുക.)

## സ്റ്റേറ്റ്മെന്റ് ഓഫ് ക്ലെയിം

(പെൻഷൻ /ഗ്രാറ്റുവിറ്റി)

| ക്രമ നം. | അംഗങ്ങളുടെ പേരും വിലാസവും | അംഗത്വ നമ്പർ | ൬൦ വയസ്സ് പൂർത്തിയായ തീയതി | ആധാർ നമ്പർ | ബാങ്ക് അക്കൗണ്ട് നമ്പർ | ബാങ്കിന്റെ പേര്, IFSC കോഡ് | 2018 മാർച്ച് വരെ പെൻഷൻ കുടിശ്ശികയുള്ള മാസങ്ങളുടെ എണ്ണം | പെൻഷൻ കുടിശ്ശിക @ 1000 | ഗ്രാറ്റുവിറ്റി @ 30,000 | ആകെ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |

ക്ലെയിമിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റു കുടി രേഖപ്പെടുത്തി ആയതിന്മേൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ ഒപ്പും സീലും തീയതിയും വച്ചതിനുശേഷമേ സമർപ്പിക്കാവു.

വിശ്വസ്തതയോടെ,

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ പി),
പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു വേണ്ടി